12359

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം രൂപീകരിച്ച സംസ്ഥാന കൗൺസിലിൽ നിലവിലുള്ള അനൗദ്യോഗിക അംഗങ്ങളെ ഉൾപ്പെടുത്തി സംസ്ഥാന കൗൺസിൽ പുന:സംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.118/2016/സാനീവ തീയതി, തിരുവനന്തപുരം, 29.02.2016

================================================================

പരാമർശം :
1. സ.ഉ.(എം.എസ്)നം. 19/2010/സാക്ഷേവ തീയതി 06.03.2010.
2. സ.ഉ.(എം.എസ്)നം. 66/2013/സാനീവ തീയതി 21.08.2013
3. സ.ഉ.(എം.എസ്)നം.87/2013/സാനീവ തീയതി 23.10.2013
4. സാമൂഹ്യ നീതി ഡയറക്ടറുടെ 22.01.2016 ലെ ജി4/12849/15 നമ്പർ കത്ത്.

## ഉത്തരവ്

2009- ലെ മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം മുതിർന്ന പൗരന്മാർക്കായുള്ള സംസ്ഥാന കൗൺസിലും, ചട്ടം 22 പ്രകാരം മുതിർന്ന പൗരന്മാർക്കായുള്ള ജില്ലാ കമ്മറ്റികളും രൂപീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരം രൂപീകരിച്ച സംസ്ഥാന കൗൺസിലിൽ അനൗദ്യോഗിക അംഗങ്ങളെ ഉൾപ്പെടുത്തിയും അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി രണ്ട് വർഷമാണെന്ന് നിഷ്കർഷിച്ചു കൊണ്ടും പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 20.08.2015-ൽ രണ്ടു വർഷം പൂർത്തിയായ അനൗദ്യോഗിക അംഗങ്ങൾ ഉൾപ്പെട്ട സംസ്ഥാന കൗൺസിൽ പുന:സംഘടിപ്പിക്കണമെന്ന് പരാമർശം (4) പ്രകാരം സാമൂഹ്യ നീതി ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

(2) ഇക്കാര്യം സർക്കാർ പരിശോധിക്കുകയുണ്ടായി. 2009 ലെ മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം രൂപീകരിച്ച മുതിർന്ന പൗരന്മാർക്കായുള്ള സംസ്ഥാന കൗൺസിലിൽ നിലവിലുള്ള അംഗങ്ങളെ നിലനിർത്തിക്കൊണ്ട് 21.08.2015 മുതൽ പ്രാബല്യം നൽകി പുന:സംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) സംസ്ഥാന കൗൺസിലിൽ ഉൾപ്പെടുന്ന അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി രണ്ട് വർഷമായി നിജപ്പെടുത്തിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എ.ഷാജഹാൻ
സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ട് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ട് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ വകുപ്പ്
ആരോഗ്യ വകുപ്പ്
ആഭ്യന്തര വകുപ്പ്
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടർമാർക്കും
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി).
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Manoharan
സെക്ഷൻ ഓഫീസർ